പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1472 — 06-03-2017-ലെ മറുപടിയ്ക്ക്

**കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എം.ആരിഫ് | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 548.61 കോടി രൂപ വിവിധ കാർഷിക വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതിയതായി 2900 ഹെക്ടർ സ്ഥലത്ത് തരിശു നിലത്തിൽ കൃഷി ഇറക്കിയിട്ടുണ്ട്, 2752.09 ഹെക്ടർ സ്ഥലത്ത് കരനെൽ കൃഷി പുതിയതായി ചെയ്തിട്ടുണ്ട്. കൂടാതെ 94 ഹെക്ടറിൽ ഒരുപ്പൂനിലം ഇരുപ്പൂനില കൃഷിയും അധികമായി ചെയ്തിട്ടുണ്ട്. നെല്ല്, പച്ചക്കറി, തെങ്ങ് തുടങ്ങിയ പ്രധാന വിളകളുടെ വികസനം, ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനം, വകുപ്പിന് കീഴിലുള്ള ലാബുകൾ, മാർക്കറ്റുകൾ എന്നിവയുടെ വികസനം, വിള ഇൻഷ്വറൻസ്, അഗ്രോ സർവ്വീസ് സെന്റർ, കാർഷിക കർമ്മസേന, വിള ആരോഗ്യ ക്ലിനിക്കുകൾ എന്നിവയുടെ പ്രവർത്തനം, വിപണിയിലിടപെട്ട് ഉല്പന്ന സംഭരണം, വിതരണം, മൂല്യവർദ്ധനവ് തുടങ്ങിയവയുമായി ബന്ധപ്പെട്ട പദ്ധതികൾ പ്രസ്തുത തുക ഉപയോഗിച്ച് നടപ്പിലാക്കി വരുന്നു.<br><br>നെല്ല്, പച്ചക്കറി മേഖലകളിൽ കൃഷിയുടെ വ്യാപനം, ഉല്പാദന വർദ്ധനവ് എന്നിവയ്ക്കാണ് പ്രധാനമായും ഊന്നൽ നൽകിയിട്ടുള്ളത്.<br><br>1) <u>നെൽകൃഷി</u>:- അടുത്ത 5 വർഷം കൊണ്ട് കേരളത്തിലെ നെൽകൃഷിയുടെ വിസ്തീർണ്ണം 3 ലക്ഷം ഹെക്ടറായി ഉയർത്തുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയാണ്. ഇതിന്റെ ഭാഗമായി 2016 ഓണം മുതൽ 2017 ഓണം വരെയുള്ള കാലയളവ് നെൽകൃഷി വർഷമായി ആചരിക്കുവാൻ |

തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിൽ നടപ്പിലാക്കുന്നതിനായി 100 കർമ്മ പരിപാടികൾ ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കാർ മുന്നോട്ട് പോവുകയാണ്.

വർഷങ്ങളായി തരിശായി നിലനിൽക്കുന്നതും കാർഷികേതര ആവശ്യങ്ങൾക്കായി മാറ്റി വച്ചിരുന്നതുമായ പത്തനംതിട്ട ജില്ലയിലെ ആറന്മുള, കോട്ടയം ജില്ലിയിലെ മെത്രാൻ കായൽ എന്നിവിടങ്ങളിൽ നെൽകൃഷി പുനരാരംഭിച്ചു. ആറന്മുളയിൽ 101 ഹെക്ടറിൽ നെൽകൃഷി നടപ്പിലാക്കുന്നതിനായി 153.76 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകുകയും ടി പ്രദേശത്ത് നെൽകൃഷി വിജയകരമായി നടപ്പിലാക്കുകയും ചെയ്തു.

കോട്ടയം ജില്ലയിലെ മെത്രാൻ കായലിൽ 120 ഹെക്ടറിൽ നെൽകൃഷി പുനരാരംഭിച്ചു. പദ്ധതി പ്രദേശത്ത് അടിസ്ഥാന സൗകര്യ വികസനത്തിനായി ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 80 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി.

2752.09 ഹെക്ടറിൽ കരനെൽകൃഷിയ്ക്ക് പ്രത്യേക പദ്ധതി വിജയകരമായി നടപ്പിലാക്കി. ഹെക്ടറിന് 13,600/- രൂപ നിരക്കിൽ 374.28 ലക്ഷം രൂപ പദ്ധതിയ്ക്കായി അനുവദിച്ചു.

2) <u>പച്ചക്കറി മിഷൻ</u>:- അടുത്ത 5 വർഷം കൊണ്ട് സംസ്ഥാനത്ത് 50,000 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി ആരംഭിച്ച്, സംസ്ഥാനത്തെ സ്വയംപര്യാപ്തതയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

3) <u>ഓണസമൃദ്ധി</u>:- 2016 ഓണക്കാലത്ത് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ 1350 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വി.എഫ്.പി.സി.കെ, ഹോർട്ടി കോർപ്പ്, സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ എന്നീ ഏജൻസികളുടെ സഹകരണത്തോടെ 09-09-2016 മുതൽ 13-09-2016 വരെ കേന്ദ്രങ്ങൾ സംഘടിപ്പിച്ച് കർഷകരുടെ ഉൽപന്നങ്ങൾക്ക് മികച്ച വിലയും ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് പ്രാദേശികമായി ഉൽപാദിപ്പിച്ച സുരക്ഷിത കാർഷികോല്പന്നങ്ങളുടെ ലഭ്യതയും ഉറപ്പാക്കി.

| | | | |
|---|---|---|---|
| | | | 4) <u>വൈഗാ 2016</u>:- കേരളത്തിലെ വിവിധ കാർഷികോൽപന്നങ്ങളുടെ മൂല്യവർദ്ധനവിനുള്ള സാദ്ധ്യതകളും അതിനായി സർക്കാരിൽ നിന്നുമുള്ള സഹായങ്ങളും കർഷകരുടെയും സംരംഭകരുടെയും മുന്നിൽ അവതരിപ്പിച്ച് വൈഗാ 2016 എന്ന പേരിൽ തിരുവനന്തപുരത്ത് 2016 ഡിസംബർ 1 മുതൽ 5 വരെ വർക്ക്ഷോപ്പും സെമിനാറും പ്രദർശനവും നടത്തി. ഇതുവഴി ഈ മേഖലയെക്കുറിച്ച് പുത്തനറിവും നൂതന സാങ്കേതിക വിജ്ഞാനവും അവബോധവും പ്രതിനിധികൾക്ക് സ്വായത്തമാക്കാൻ കഴിഞ്ഞു. |
| **(ബി)** | തരിശുപാടങ്ങൾ കൃഷി ചെയ്യുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപ്പിലാക്കുമോ? | **(ബി)** | തരിശുപാടങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനും ഒരുപ്പ് നിലങ്ങൾ ഇരുപ്പ് നിലങ്ങളാക്കുന്നതിനും 879.40 ലക്ഷം രൂപയുടെ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ